LIBRARY ARCHIVES Kerala Legislative Assembly

എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരിയും ഗോതമ്പും

22 (*562) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) എ.പി.എൽ. വിഭാഗക്കാർക്ക് 2 രൂപാ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 41,53,883 കാർഡുടമകൾക്കാണ്. ബി.പി.എൽ. വിഭാഗത്തിന് ഒരു രൂപ പദ്ധതിയും ഉണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവർക്കാണ് ടി പദ്ധതിയിൽ തുടക്കത്തിൽ പ്രയോജനം ലഭിച്ചത്. ഇപ്പോൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കർഷക തൊഴിലാളികൾ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിട തോട്ടം തുടങ്ങിയ മേഖലകളിലെ മുഴുവൻ കുടിവേലക്കാർക്കും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൂടി രണ്ടുരൂപ പദ്ധതി വ്യാപിപ്പിച്ചു. ഈ പദ്ധതി കൂടുതൽ വിപുലീകരിച്ചതിനെ തുടർന്ന് കൂടുതൽ വിഭാഗങ്ങളെ രണ്ടുരൂപാ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിൽ ഉൾപ്പെടുത്തിയിരുന്നു.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നുണ്ട്. ഇതിന്റെ വിതരണം നടക്കുന്നു എന്ന പരിശോധനകളും നടത്തുന്നുണ്ട്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 41,53,883 എ.പി.എൽ. കാർഡുടമകൾക്കാണ്.

പുതിയ സൂപ്പർ മാർക്കറ്റുകളും മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള പദ്ധതി

23 (*563) ശ്രീ. കെ. മുരളീധരൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സൂപ്പർമാർക്കറ്റുകളും മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്.

(ബി&സി) പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ ഉന്നത നിലവാരമുള്ള സ്വകാര്യ സൂപ്പർ മാർക്കറ്റുകളോട് കിടപിടിക്കത്തക്കവിധം ആധുനീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനും തീരുമാനമുണ്ട്. സംസ്ഥാനമൊട്ടാകെ പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. മെഡിക്കൽ സ്റ്റോർ ശൃംഖല വ്യാപിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി പൊതുപ്രവർത്തകരുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും

LIBRARY ARCHIVES Kerala Legislative Assembly